ON MY WAY

# ജി.എച്ച്.എസ്.എസ് മുള്ളരിങ്ങാട്



G.H.SS Mullaringad

ON MY WAY

G.H.SS Mullaringad

ON MY WAY




Scanned with CamScanner

ON MY WAY

# ഞങ്ങളുടെ ഹെഡ്മാസ്റ്റർ



## ശ്രീ. ഹരിദാസൻ എം.വി

G.H.SS Mullaringad

# ആശംസ

സ്കൂൾ തല കൈറ്റിൽ അംഗങ്ങളായ മുള്ളരിങ്ങാട് ഹയർ സെക്കൻണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾ തയാറാക്കുന്ന ഡിജിറ്റൽ മാഗസീൻ ആശംസകൾ നേരുന്നു.

ഹരിദാസൻ എം.വി

ജി.എച്ച്.എസ്.എസ് മുള്ളരിങ്ങാട്

# എഡിറ്റോറിയൽ ബോർഡ്

## എഡിറ്റേഴ്സ്

ആർദ്ര.കെ.ഗംഗാധരൻ

അനഘ എം

ആർദ്ര ബിജു

കൃഷ്ണമോൾ കെ എസ്

അർജ്ജുൻ കെ കെ

അനന്തു കെ എം

## ഉള്ളടക്കം

ചന്ദ്രയാൻ-1.....8
ആർദ്ര കെ ജി, IX.....10
THE TWO FRIENDS AND THE BEAR.....11
-OXYGEN J BABU S.T.D VI.....12
.....12
പൈത്തഗോറസ്.....13
*ആർദ്ര കെ . ജി IX*.....14
"ശുഭചിന്തകൾ സന്തോഷകരമായ.....15
കുടുംബജീവിതത്തിന് ".....15
*അനഘ.എം IX*.....*15*
*വാർദ്ധക്യം*.....16
പ്രണവ് .കെ.പ്രദീപ് S.T.D VIII.....16
.....16
പർവതത്തെ പറ്റിച്ച മഹർഷി.....17
ശ്രീഹരി അനീഷ്.....18
*S.T.D VI*.....18
മലയാളം മരിക്കുന്നു.....19
അനഘ.എം ix.....20
.....20
.....20
ആനയും മുയലും.....21
അലീന മേരി.....22
IX.....22
പൂങ്കാറ്റ്.....23
ആർദ്ര കെ ജി, IX.....23
*മീനാക്ഷി ആർ X*.....26
-ബോണി.ബിജു.....27
*(VI)*.....27
.....29
.....29
-അർച്ചന കെ..സി.....30
S.T.D-viii.....30
ആർദ്ര ബിജു.....31
ix.....31
-അക്സ ജോയി.....33
S.T.D-IX.....33

ON MY WAY


രേഷ്മ രവി.....34
ix.....34
പ്രവീൺ p.p.....35
(VI).....35
ആർദ്ര ബിജു S.T.D IX.....36
-അക് സാ ജോയി.....37
S.T.D-IX.....37
ഗായത്രി റ്റി ബി S T D VIII.....38

# ചന്ദ്രയാൻ-1



സഹസ്രസംവത്സരങ്ങൾക്ക് മുൻപ് മുതൽ തന്നെ മനുഷ്യമനസ്സുകളിൽ ഭാവനയുടേയും ആകാംക്ഷയുടെയും ആയിരം ചോദ്യങ്ങൾ ഉയർത്തിയ മനോഹര സ്ഥലങ്ങളിലൊന്നാണ്

ഭൂമീയുടെ തൊട്ടരികിൽ ചെറുപുഞ്ചിരിയോടെ നിൽകുന്ന ചന്ദ്രൻ.വേദകാലഘട്ടങ്ങളിലെ ഗ്രസ്ഥങ്ങൾ പരിശോധിച്ചാൽ ഈ അയൽക്കാരെനകുറിച്ചുള്ള അനേകം വിവരങ്ങൾ അറിയുവാനാകും. ശാസത്രത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന വേഗതയിലുള്ള മുന്നേറ്റം ഭൂമിയുടെ ഏകഉപഗ്രഹമായ ചന്ദ്രനിൽ പ്രവേശിക്കുകയെന്ന സുന്ദരൻ സ്വപ്നത്തെ സാക്ഷാത്കാരത്തിലെത്തിച്ചു.

1999 -ൽ ഇന്ത്യൻ സയൻസ് അക്കാഡമിയുടെ ഒരു യോഗത്തിൽ ചന്ദ്രനിൽ നടത്തേണ്ട ഗവേഷണത്തെകുറിച്ചുള്ള ആശയം ഉയർന്നു വന്നു.പിന്നീട് രണ്ടായിരത്തിൽ ആസ്ട്രനോട്ടിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ വിഷയങ്ങൾ ഏറ്റെടുത്തു. അവിടുത്തെ വിദഗ് ദരായ ശാസ്ത്രജ്ഞമ്മാരുടേയും പ്രഗത്ഭരുടേയും അഭിപ്രായത്തിൽ ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ നേത്രുത്വത്തിൽ ഒരു ചാന്ദ്രദൗത്യസംഘത്തെ രൂപവൽകരിച്ചു .വിദഗ് ധരായ അനേകം ശാസ്ത്രജ്ഞരും സാങ്കേതികവിദഗ് ധരും അടങ്ങിയ ആ സംഘം ഭാരതത്തിൽ നിന്നുള്ള ചന്ദ്രയാത്ര പദ്ധതികളെ  കുറിച്ച്

G.H.SS Mullaringad

ഗൗരവമായ പഠനങ്ങളിലും ഗവേഷണങ്ങളിലും ഏർപ്പെട്ടു. അത് യാഥാർത്ഥ്യ തലത്തിലെത്തിക്കുകയെന്ന ഭഗീരഥപ്രയത് നത്തിൽ വൈകാതെ അവർ വിജയം കൈവരിക്കുകയും ചെയ്തു.
ഈ ദൗത്യഗവേഷണസംഘത്തിന് ഐ.എസ്.ആർ.ഒ യിലെ സാങ്കേതികപ്രഗത്ഭന്മാരുടെ ബൃഹത്തായ സാഹയഹസ്തങ്ങൾ കിട്ടിയിരുന്നു. ചന്ദ്രയാനിലന്റെ പ്രാഥമികദൗത്യങ്ങളെ കുറിച്ചും അതിനാവശ്യമായ സാമഗ്രികളെ കുറിച്ച അതിന്റെ ലക്ഷ്യങ്ങളെ കുറിച്ചും വ്യക്തമായ രൂപരേഖകൾ ഉണ്ടക്കപ്പെട്ടു.ഇതിന്റെ അടുത്തഘട്ടമെന്നവണ്ണം ചന്ദ്രപേടകവുമായുള്ള ആശയവിനിമയത്തെ സഹായിക്കുന്ന ഡി.എസ്.എൻ സേറ്റഷന്റെ[Deep Space Network Station]ആവശ്യകതയുണ്ടായി.

രണ്ടായിരത്തിമൂന്ന് ഏപ്രിലിൽ വിദഗ്ധസമിതിയുടെ റിപ്പോർട്ട് ചർച്ചയ്ക്കെടുത്തു. ഭൗമശാസ്ത്രം, വ്യോമശാസ്ത്രം, ജ്യോതി ശാസ്ത്രം, ഭൗതികശാസ്ത്രം, രസതന്ത്രം, ജ്യോതിഭൗതികശാസ്ത്രം,എഞ്ചിനീയറിംഗ് എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ അത്യന്തം പ്രാവീണ്യം തെളിയിച്ച നൂറോളം ശാസ്ത്രകാരന്മാർ  ചർച്ചയിൽ സന്നിഹിതരായിരുന്നു.നീണ്ട ചർച്ചകൾക്കൊടുവിൽ ചന്ദ്രദൗത്യം എന്ന ലക്ഷ്യം ഏറ്റടുക്കുവാൻ ആ സമിതി തീരുമാനിച്ചു.ഇരുപത്തിയൊന്നാംനൂറ്റാണ്ടിൽ അത്തരമൊരു പദ്ധതിയിലേക്ക് ഒരുങ്ങി പുറപ്പെടുന്ന രാഷ്ട്രങ്ങളിലൊന്നായി ഭാരതവും മാറി.ചന്ദ്രയാൻ ദൗത്യത്തോട് കൂടി ഒരു രാഷ്ട്രത്തിന്

ആവശ്യം ഉണ്ടായിരിക്കേണ്ട ശാസ്ത്രാ ഗവേഷണാടി സ്ഥാനസൗക ര്യങ്ങൾ ലഭ്യമാകുകയെന്ന ലക്ഷ്യം യാഥാർത്ഥ്യതലത്തിലെത്തുക യാണ്.ശാസ്ത്രസാങ്കേതികവിദ്യയുടെ ശ്രദ്ധേമായ നേട്ടങ്ങളിലൊന്നായി ചന്ദ്രയാനെ നമുക്ക് കണക്കാക്കാം.ബൗദ്ധികമേഖലയിൽ സഹസ്രം വർഷങ്ങൾക്ക് മുൻപ് ഭാരതീയർ കൈവരിച്ചിരുന്ന നേട്ടങ്ങളുടെ ഹിമാലയം വീണ്ടും തലയുയർത്തി നിൽക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**ആർദ്ര കെ ജി, IX**

# THE TWO FRIENDS AND THE BEAR

*Shiv and Hari  were two good friends. They used spend a lot of time together. One day they werepassing through a forest near their village suddenly. They saw a bear coming towards them.*

*Shiv knew climbing. So he hurriedly climbed up a tall lice to his safety hari did'not      know how to climd a lice. He stood there help lissly.suddenly an idea flashed  on his mind. He had hard that the wild animals so Hari applid his wisdom and, lay down on the ground  as  a dead person.*

*Soon they lear reched  there. He smilled Hari's face and thought him to be diad.The bear did not louch Hari and went on his way. After some time,shiv climbed down and asked Hair what did the lear say in your  cears ,when you wear liying?.Hari replied bitterly. He told me to keep away form selfish friends like you. Keep away form opportumsts.*

ON MY WAY

**-OXYGEN J BABU  S.T.D VI**

G.H.SS Mullaringad

# പൈത്തഗോറസ്



ദാർശനികന്മാരുടെയും മതാചാര്യന്മാരുടെയും ഒരുനൂറ്റാണ്ടാണിത്. ഗ്രീസിൽ പൈതഗോറസ്, പേർഷ്യയിൽ സൊറാസ്റ്റർ, ഇന്ത്യയിൽ ഗൗതമബുദ്ധനും മഹാവീരനും, ചൈനയിൽ കൺഫ്യൂഷസും ലാ വോസെയും. പൈതഗോറസ് ഒരു മതം സ്ഥാപിച്ചു. പക്ഷേ, ഗണി തശാസ്ത്രമായിരുന്നു അതിൻെറ വേദവും വേദാന്തവും. സംഖ്യകളാ യിരുന്നു ദൈവങ്ങൾ. ക്ഷേത്രഗണിതവും സംഖ്യാശാസ്ത്രവുമായിരു ന്നു പൈതഗോറസിൻെറ ഗവേഷണ മേഖലകൾ. ഈ രണ്ടു ഗണി തശാസ്ത്രശാഖകൾക്കും അമൂല്യങ്ങളായ സംഭാവനകൾ അദ്ദേഹം ന- ൽകുകയുണ്ടായി. ഒരു കാര്യം പ്രത്യേകമെടുത്തു പറയേണ്ടതായിട്ടു ണ്ട്. പൈതഗോറസ് ജനിക്കുന്നതിന് നൂറ്റാണ്ടുകൾ മുൻപുതന്നെ ബാബിലോണിയായിലും ഇന്ത്യയിലും ചൈനയിലും ഈ സിദ്ധാ ന്തം സുപരിചിതമായിരുന്നു. സംഖ്യകളും അവയുടെ അത്ഭുതകരങ്ങ ളായ പ്രത്യേകതകളും അദ്ദേഹത്തെ ആവേശംകൊള്ളിച്ചു. ഒരു കലാ കാരൻെറ ഭാവനാവിലാസത്തോടെയാണ് അദ്ദേഹം സംഖ്യകളെപ്പ റ്റി ചിന്തിച്ചത്. സംഗീതശാസ്ത്രത്തിലും ജ്യോതിശാസ്ത്രത്തിലും സംഖ്യ

കളും അവയുടെ അനുപാതങ്ങളും വഹിക്കുന്ന നിർണായകമായ പങ്ക് അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. ഈ ശാസ്ത്രശാഖയിലെ സങ്കീർണതകൾ അനാവരണം ചെയ്യുന്നതിൽ സംഖ്യകൾക്കുള്ള പ്രാധാന്യം, പ്രപഞ്ചത്തിലെ ഏതു പ്രതിഭാസത്തേയും സംഖ്യകൾ ഉപയോഗിച്ച് വിശദീകരിക്കുവാൻ കഴിയുമെന്ന വിശ്വാസത്തിലേക്ക് അദ്ദേഹത്തെ നയിച്ചു .

ആർദ്ര കെ . ജി IX

# "ശുഭചിന്തകൾ സന്തോഷകരമായ

# കുടുംബജീവിതത്തിന് "



ഞാൻ വായിച്ച പുസ്തകത്തിന്റെ പേര് 'ശുഭചിന്തകൾ സന്തോഷകരമായ കുടുംബജീവിതത്തിന്' എന്നതാണ് .കുടുംബജീവിതത്തെപ്പറ്റി വിവരിച്ചെഴുതിയ കഥയാണിത്.കുടുംബത്തിലെ ഓരോ വ്യക്തിയെക്കുറിച്ചും ആ വ്യക്തിയുടെ  സ്വഭാവസവിശേഷതകളെക്കുറിച്ചും വളരെ വിശദമായി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു കുടുംബജീവിതത്തിൽ സന്തോഷവും സംതൃപ്തിയും ഉണ്ടാവാൻ ഈ പുസ്തകം വായിക്കണം.കുഞ്ഞുങ്ങൾക്ക് സ്നേഹമുള്ള കുടുംബാന്തരീക്ഷം നൽകാൻ,കുടുംബബന്ധങ്ങൾ ദൃഢമായി കാത്തുസൂക്ഷിക്കാൻ ഭാര്യ-ഭർത്തൃബന്ധത്തിൽ പൂർണ്ണത കൈവരുത്താൻ ഈ പുസ്തകം വായിക്കുന്നതിലൂടെ കഴിയുന്നു.കുടുംബത്തിലെ ഓരോരുത്തരെയും സ്നേഹിക്കുവാനും മുതിർന്നവരെ ബഹുമാനിക്കുവാനും എല്ലാവരെയും ദയവുള്ളവരാക്കുവാനും ഈ പുസ്തകം തീർച്ചയായും സഹായകമാകും.ഈ പുസ്തകം എന്നെ ഒരുപാട് സ്വാധീനിച്ചു.

*അനഘ.എം  IX*

# വാർദ്ധക്യം

ജീവിതമാം യഥാർത്ഥത്തിൽ   വാർദ്ധക്യമൊരു ശാപമോ
ജീവിത ചക്രത്തിന്റെ അനിവാര്യതയാം വാർദ്ധക്യം-
മനസ്സേ നീ തിരികെ വരൂ
വാർദ്ധക്യത്തിൽ നിന്നും പിൻതിരിയൂ
ബാല്യകൗമാരയൗവ്വനങ്ങൾ
പിന്നീട്ട് സുഖ ജീവിതം കടന്ന്
ജീവിതത്തിന്റെ അനിവാര്യതയാം വാർദ്ധക്യം
മാതാപിതാക്കൾക്ക് ശാപമോ
വാർദ്ധക്യത്തിലേക്കുള്ള വഴി ഇത്രയും ദുർഘടമോ
സ്നേഹമെന്ന വികാരത്താൽ
വാർദ്ധക്യം സുഖപ്രദമാകട്ടെ

പ്രണവ് .കെ.പ്രദീപ്   S.T.D  VIII

# പർവതത്തെ പറ്റിച്ച മഹർഷി



വലിയ
അത്ഭുതശക്തികളുള്ള മഹർഷിയാണ് അഗസ്ത്യമുനി.അഗസ്ത്യനോട് മത്സരിച്ചവരാരും ജയിച്ചിട്ടില്ല.അത്രയ്ക്ക് മഹത്തമാണ് അദ്ദേഹത്തിന്റെ തപശക്തി.പ്രിയകൂട്ടുകാരേ, ഇന്ത്യരാജ്യത്തിന്റെ മധ്യത്തിൽ നിൽക്കുന്ന പർവ്വതമാണല്ലോ വിദ്ധ്യാപർവ്വതം.പണ്ട് അതിന്  ഇന്നത്തേക്കാളും തലയെടുപ്പുണ്ടായിരുന്നു.വിദ്ധ്യനെ ഇന്നു നാം കാണുന്ന  സ്ഥിതിയിലാക്കിയത് അഗസ്ത്യമുനിയാണ്.ആ കഥയാണിത്.നാരദമർഷി വലിയഏഷണിക്കാരനാണല്ലോ. ഒരിക്കൽ അദ്ദേഹം ചെന്ന് വിദ്ധ്യനോടു പറഞ്ഞു ഹേ, വിദ്ധ്യ സൂര്യനും ചന്ദ്രനും ചെന്ന്    വണങ്ങുന്ന വമ്പനായ പർവ്വതമാണ്, മഹാമേരു അവന്റെ മുന്നിൽ നീ എത്ര നിസാരനാണ്.നാരദന്റെ വാക്കുകൾ കേട്ടപ്പോൾ വിദ്ധ്യന് ദേഷ്യം വന്നു.മഹാമേരുവിനെ ഒന്നു പഠിപ്പിച്ചിട്ടുതന്നെകാര്യം.
ഇങ്ങനെ പറഞ്ഞ് വിദ്ധ്യൻ തന്റെ കൊടുമുടികൾ ആകാശം മുട്ടെ വലുതാക്കി ഉയർന്നുനിന്നു. സൂര്യനും ചന്ദ്രനും പടിഞ്ഞാറോട്ട് കടക്കാൻ വഴിയില്ലാതായി.സൂര്യചന്ദ്ര രശ്മികൾ ഇല്ലാതായാൽ എന്താകും സ്ഥിതി!ലോകത്തിലാകെ കുഴപ്പമായി.അതുകണ്ട് അഗസ്ത്യൻ വിദ്ധ്യനു നേരെ ചെ

ന്നു. അത്ഭുത ശക്തികളുള്ള അഗസ്ത്യമഹർഷിയെ കണ്ട് വിന്ധ്യൻ പേടിച്ചു .അവൻ കൊടുമുടികൾ ഒതുക്കി അഗസ്ത്യനെ വണങ്ങി.അപ്പോൾ അഗസ്ത്യമഹർഷി പറഞ്ഞു : വിന്ധ്യാ ,ഞാൻ ദക്ഷിണേന്ത്യയിലേക്ക് പോകുകയാണ്. മടങ്ങിവരുന്നതു വരെ നീ നിന്റെ കൊടുമുടികൾ ഒന്നും ഉയർത്താൻ പാടില്ല."ഓ ശരി" വിന്ധ്യൻ തന്റെ തലകളാവുന്ന കൊടുമുടികളെല്ലാം താഴ്ത്തി നിൽ പ്പായി.പാവം വിന്ധ്യൻ അവനു പിന്നെ തല ഉയർത്താൻ കഴിയാതെ പോയി.കാരണമെന്തെന്നോ ,തെക്കോട്ടു കടന്ന അഗസ്ത്യമുനി പിന്നീട് ആ വഴി തിരിച്ചുവന്നില്ല. അങ്ങനെ അഗസ്ത്യമുനി വിന്ധ്യപർവ്വതത്തെ തലകുനിപ്പിച്ച് ലോകത്തെ രക്ഷിച്ചു.

**ശ്രീഹരി അനീഷ്**

***S.T.D VI***

# മലയാളം മരിക്കുന്നു....



എന്റെ ഭാഷ മലയാളം
മാതൃ ഭാഷ മലയളം
ശ്രേഷ്ഠ ഭാഷ മലയാളം
മധുരമീ ഭാഷ മലയാളം

കവിയെഴുതിയ പുസ്തകതാളുകൾ
ചിതലരിച്ച ഓർമ്മകളാകവെ
ഒരിക്കൽക്കൂടി തൂലിക ചലിപ്പിക്കുവാൻ
ഇനിയേതു കവിക്കാകുമീ പാരിൽ

മുത്തശ്ശി തന്നൊരാ സ്നേഹവും
മുത്തശ്ശൻ പകർന്നൊരാ വാത്സല്യവും
അമ്മതൻ മാറിന്റെ ചൂടും
പിതാവിൻ വിയർപ്പിന്റെ ഗന്ധവും


ഇനിയേതു ഭാഷക്കുകിട്ടുമീ
മഹനീയ ഗുണങ്ങളത്രയും
ഉൾക്കൊണ്ടു വാഴുവാൻ

# മലയാളമെ നിൻ മരണമാകുന്നിതാ...
# മലയാളികൾ നിന്നെ മറക്കുന്നിതാ...

അനഘ.എം

ix

# ആനയും മുയലും



ഒരു കാട്.ആ കാട്ടിൽ ഒരുപാട് മൃഗങ്ങൾ ഉണ്ടായിരുന്നു. അഹങ്കാരിയായ ഒരു ആനയും പാവം മുയലും ആ കാട്ടിൽ താമസിച്ചിരുന്നു.അവർ ശത്രുക്കളായിരുന്നു.പുലർച്ചെ ഒരു ദിവസം,കിളികൾ ചിലക്കുന്ന ശബ്ദം. എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു.മുയൽ സന്തോഷത്തോടെ തുള്ളിച്ചാടി നടക്കുകയായിരുന്നു.പെട്ടന്ന് എങ്ങും നിശബ്ദത.മുയൽക്കുട്ടൻ അമ്പരന്നു  ചുറ്റും നോക്കി.അതാ കാടിളക്കിക്കൊണ്ട് കൊമ്പനാന വരുന്നു.മുയൽക്കുട്ടൻ പേടിച്ച് വിറക്കാൻ തുടങ്ങി.ആനക്ക് മുയലിനെ കാണുന്നതേ വെറുപ്പാണ്.അവനെ കാണുമ്പോൾത്തന്നെ ഓടിക്കാൻ തുടങ്ങും.അങ്ങനെ ഒരു ദിവസം മുയൽക്കുട്ടനെ ഓടിക്കുന്നതിനിടയിൽ ആന ഒരു കുഴിയിൽ വീണു.ആന അവിടെക്കിടന്ന് കരയാൻ തുടങ്ങി.ഇതുകണ്ട മുയൽക്കുട്ടന് സങ്കടം വന്നു.അവൻ  ആനയുടെ വാലിൽ പിടിച്ച് രക്ഷിക്കാൻ നോക്കി.എന്നാൽ പാവം മുയൽക്കുട്ടന് അത് സാധിച്ചില്ല.അവൻ ഓടിപ്പോയി കാട്ടിലെ എല്ലാവരെയും കൂട്ടികൊണ്ടു വന്നു.എന്നിട്ട് ആനയെ രക്ഷിച്ചു.പുറത്തു വന്ന ആന മുയൽക്കുട്ടനെ തുമ്പിക്കൈയ്യിൽ വാരിയെടുത്ത് ഉമ്മ വച്ചു.മുയൽക്കുട്ടന് സന്തോഷമായി.പിന്നീട് അവർ രണ്ടുപേരും ആത്മാർത്ഥ സുഹൃത്തുക്കളായി.ആനയ്ക്ക് മുയൽക്കുട്ടന്റെ മഹത്വം മനസ്സിലായി.

അഹങ്കാരം ഒരാളെ ഒരിക്കലെങ്കിലും കുഴിയിൽ വീഴ്ത്തും.

ON MY WAY

അലീന മേരി

IX

G.H.SS Mullaringad

# പൂങ്കാറ്റ്



പൂമണം കൊണ്ടുവന്ന
കള്ളനായ കാറ്റ്
കോതിവച്ച മുടി പറത്തി
വികൃതിയായ കാറ്റ്

കാട്ടിലെ വൃക്ഷങ്ങളെ പാട്ടുപഠിപ്പിച്ച
കുഞ്ഞു കാറ്റ്
പൂക്കളെ നൃത്തം പഠിപ്പിച്ച
നല്ല മനസ്സുള്ള കാറ്റ്

മൃഗങ്ങൾക്ക് സ്നേഹം പകരുന്ന
കുറുമ്പൻ കാറ്റേ
ആലോലം താരാട്ടുപാട്ട് പാടി
ഉറക്കുന്ന കാറ്റ്

രാവിൽ സൗഹൃദം പകരുന്ന
പൂങ്കാറ്റേ....
ഇത്ര ഇത്ര കുറുമ്പുകൾ
കാണിക്കുന്ന കുറുമ്പൻ കാറ്റേ....വരൂ...

G.H.SS Mullaringad

ആർദ്ര കെ ജി, IX

ON MY WAY

## ഏകയാണീ അമ്മ



"ഏകയായിതാ

ജീവിതസുഖം-
തൻ ധർമസങ്കടം മാറിലേറ്റി
മുറിവേറ്റു വ്രണമായ ഹസ്തങ്ങൾ
തുടരെത്തുടരെ പണിതും
വിയർപ്പൊലിച്ചീയടുക്കളപ്പുക-
ച്ചൂടിൽതാനെ അമരുന്നെൻ അമ്മ.
ദു:ഖം മനസിലേറ്റി മടുത്തൊരി....
ഹൃദയം പൂട്ടിത്തകർത്തൊരീ വീടും
ആട്ടിയിറക്കിയ മിത്രങ്ങളും....
എന്തേ പാപം ചെയ്തതെന്നറിയാതെ
ഒന്നുറക്കെക്കരയാൻ കഴിയാതെയാപാപം
സ്വയം പേറി ആ ദിക്കിലെവിടെയോ
കിടന്നങ്ങിഴഞ്ഞീടുന്നു....
ആരോരുമില്ലായെനിക്കാരാരുമില്ലയെന്നു
പറയാൻ വിതുമ്പുമീ വാക്കുകൾ....
വിറയ്ക്കുന്ന കൈകളോ മാറോടുചേർത്തേ
ഊമയായിനിൽക്കുന്നതീ പാവഅമ്മ.
ഓർക്കാൻ ഒത്തിരി സുഖദു:ഖം
കുട്ടിപ്പിടിച്ചുകഴിയുന്ന അമ്മ.
അന്നമ്മ പാകം ചെയ്യതിനുവേണ്ടി
ഇന്നേ കൊതിക്കുന്ന ആ ശരീരം
എന്തിനീയെന്നെയീത്തെരുവിലേക്കിട്ടെന്ന്

G.H.SS Mullaringad

ON MY WAY

ആരാരും കാണാതെ പറയുകയായി...’’

*മീനാക്ഷി ആർ X*

G.H.SS Mullaringad

# പൊൻമുട്ടയിടുന്ന താറാവ്



**ഒരിടത്തൊരു ഒരു കൃഷിക്കാരന് ഒരു താറവുണ്ടായിരുന്നു.ആ താറാവിന് ഒരു പ്രത്യേകതയുണ്ടായിരുന്നു.എന്താണെന്നല്ലേ ?അത് ദിവസവും ഓരോ പൊന്മുട്ടയിടും.പൊന്മുട്ടകൾ വിറ്റ് ആ കൃഷിക്കാരൻ ഒരു ധനികനായി മാറി.അയാൾ ചെറ്റകുടിൽ പൊളിച്ച് ഒരു മണിമാളിക പണിതു.ധനം കൂടി വരുന്തോറും അയാൾ ദുരാഗ്രഹിയായി മാറിക്കൊണ്ടിരുന്നു.ഒരു ദിവസം അയാളുടെ മനസ്സിലൂടെ ഒരാശയം മിന്നിമറഞ്ഞു.എല്ലാ ദിവസവും ഓരോ പൊന്മുട്ടയിടുന്ന താറാവിന്റെ വയറു കീറിയാൽ നിറയെ പൊന്മുട്ടകൾ ലഭിക്കും.അതെല്ലാം ഒന്നിച്ചു വിറ്റാൽ തനിക്ക് ഈ ഗ്രാമത്തിലെ ഏറ്റവും വലിയ പണക്കാരനായി മാറാം.അത്യാഗ്രഹം മൂത്ത് അയാൾ താറാവിന്റെ വയർ പുളക്കാൻ തീരുമാനിച്ചു.പിറ്റേന്നു രാവിലെ അയാൾ ആരുമറിയാതെ താറാവിനെ പിടിച്ചുകെട്ടി ഒരു മുറിയിൽ കൊണ്ടുപോയി ഒരു കത്തി കൊണ്ട് അതിന്റെ വയർ നെടുകെ മുറിച്ചു.വയറ്റിലേക്ക് നോക്കിയ അയാൾക്ക് സഹിക്കാനായില്ല.അതിൽ ഒരു മുട്ട പോലും ഉണ്ടായിരുന്നില്ല.വയറു പിളന്നതു മൂലം താറാവും ചത്തിപോയി.**

**അങ്ങനെ  അത്യാഗ്രഹം മൂലം ഉള്ളതും കൂടി ഇല്ലാതായി.**

ON MY WAY

-ബോണി.ബിജു

*(VI)*

G.H.SS Mullaringad

ON MY WAY

# എൻെറ    ബാല്യകാലം

*ബാല്യത്തിൻെറ മറവിൽ കുസൃതികളെല്ലാം*
*കളിചിരിയായി മാറി*
*കുട്ടിക്കാല മാണെൻെറ തേൻ*
*വസന്തംകൂട്ടൊരുമൊന്നിച്ച*
*കലാലയമുറ്റത്തിൻെറ*
*അങ്കണത്തിൽകളിച്ചുരസിച്ച കാലം*



*ബാല്യത്തിലമ്മയുടെ വിരലിലൂഞ്ഞാലാടി*
*ക്ഷേത്രദർശനം നടത്തിയത്*
*മനസ്സിലൂടെ മിന്നിമറയുന്നു*
*കൈപിടി നടനൊരി ബാല്യം*
*മനതാരിൽ എങ്ങും മറക്കില്ലരോർമ്മപോൽ*

-അർച്ചന കെ..സി

S.T.D-viii

G.H.SS Mullaringad



# "കിട്ടപ്പനാണേ!"

കട്ടിത്തടിയൊന്നു
പൊക്കി വലിക്കെടാ,
കിട്ടപ്പനാനെ
തടിയനാനെ

എട്ടു പനമ്പട്ട
പൊട്ടിച്ചു തിന്നിടും
കിട്ടപ്പനാനെ
തടിയനാനെ

കറുമ്പനാ കുറുമ്പിയാനെ
മല്ലനായ മിടുക്കനാനെ
കിട്ടപ്പനാനെ
തടിയനാനെ

**ആർദ്ര ബിജു**

**ix**

# കുട്ടതലൽ മിടുക്കന്



വളരെ പണ്ട് നടന്ന ഒരു കഥയാണിത്. ഗോപാലപുരം എന്ന ഗ്രാമത്തിൽ ഒരു വൃദ്ധൻ ഉണ്ടായിരുന്നു.ആ വൃദ്ധന് മൂന്ന് മക്കൾ ഉണ്ടായിരുന്നു.വൃദ്ധന് വളരെയധികം പ്രായമായിരുന്നു.ഈ വർഷം കൂടിയെ അദ്ദേഹത്തിന് ഉള്ളൂ. മക്കൾക്ക് മരിക്കുന്നതിന് മുൻപ് ഭാഗം വച്ച് കൊടുക്കണം.അതിന് അദ്ദേഹം നല്ല ഒരു വഴി കണ്ടെത്തി. സ്വന്തം മക്കളെ ജോലി അന്വേഷിച്ച് അയക്കുക.അവർ അതിന് ഇറങ്ങി പുറപ്പെട്ടു.ഒന്നാമൻ കുതിരക്കാരനായി.രണ്ടാമൻ മുടിവെട്ടുകാരനായി.ഏറ്റവും ഇളയവൻ വാൾപയറ്റാണ് തിരഞ്ഞെടുത്തത്.അവർ ഒരു വർഷത്തിനു ശേഷം തന്റെ കഴിവിൽ സാമർഥ്യം തെളിയിച്ച് മടങ്ങിയെത്തി.അവർ ഒരുമിച്ചിരിക്കുന്ന ഒരു വേളയിൽ,ഒന്നാമൻ പറന്നു പോകുന്ന ഈച്ചയുടെ കാലിൽ ലാടമടിച്ചു.രണ്ടാമൻ ഓടി പോകുന്ന മുയലിനെ ഷേവ് ചെയ്തു. മൂന്നാമന്റെ

ON MY WAY

അവസരമെത്തിയപ്പോൾ ഓട്ടു മേഞ്ഞ വീടിന്റെ മുകളിലേക്ക് തേങ്ങചാടി.ആ സമയം മഴ പെയ്തു തുടങ്ങി.മൂന്നാമൻ തന്റെ ഉറയിൽ നിന്നും വാളെടുത്തു,തലയ്ക്കു മുകളിൽ വീശാൻ തുടങ്ങി.മഴയിൽ നിന്നും മൂന്നാമൻ രക്ഷിച്ചു.പിതാവ് തന്റെ ഇളയ മകന് കുടുംബവീട് കൊടുത്തു.എന്നാൽ മകൻ അത് നിരസിച്ച് പറഞ്ഞു:"ഈ വീട് നമ്മുടെയാണ് അച്ഛാ"അങ്ങനെ അവർ സന്തോഷമായി ജീവിച്ചു.

**-അക്സ ജോയി**

**S.T.D-IX**

# മേരിക്കുണ്ടൊരു കുഞ്ഞാട്



മേരിക്കുണ്ടൊരു കുഞ്ഞാട്
ഭംഗിയുള്ളൊരു കുഞ്ഞാട്
തടിയനായ കുഞ്ഞാട്
കുറുമ്പനായ കുഞ്ഞാട്
വെള്ള നിറമുള്ളൊരു കുഞ്ഞാട്
മണിയും കെട്ടി കളിചിരിയായി
ഓടി വരുന്നൊരു കുഞ്ഞാട്...

**രേഷ്മ രവി**

**ix**

# കേരളം



"എന്റെ നാട് കേരളം
കേരം തിങ്ങും കേരളം
മാവേലി മന്നൻ ഭരിച്ച
കേരളം

എന്റെ ഭാഷ മലയാളം
ശ്രേഷ്ഠ ഭാഷ മലയാളം
കവികൾ വാഴ്ത്തിയ തേന്തുറും മലയാളം

ചതിക്കരുതെ കേരളത്തെ
മറക്കരുതെ മലയാളത്തെ
ഒരിക്കലും ഒരിക്കലും വെറുക്കരുതെ...."

പ്രവീൺ p.p

(VI)

ON MY WAY

# മുത്തശ്ശി



വളഞ്ഞു നടക്കും മുത്തശ്ശി

പല്ലില്ലാത്തൊരു മുത്തശ്ശി

വണ്ണം കുറഞ്ഞൊരു മുത്തശ്ശി

സുന്ദരിയായൊരു മുത്തശ്ശി

പാവം പാവം മുത്തശ്ശി

**ആർദ്ര ബിജു S.T.D IX**

G.H.SS Mullaringad

# ഹയ്യട  ബേക്കറി



കാക്കയും പൂച്ചയും ഒന്നിച്ച്
ബേക്കറിയൊന്നു തുടങ്ങിയല്ലോ!
കാക്കയൊരു തരി ഹല്വ കഴിച്ചു
പൂച്ചയൊരു കിലോ ലഡു കഴിച്ചു !
നാലുദിനം കൊണ്ടാചങ്ങാതി
ബേക്കറി പൂട്ടിച്ചു .....

-അക് സാ ജോയി

S.T.D-IX

ON MY WAY





ഗായത്രി റ്റി ബി S T D VIII

G.H.SS Mullaringad